# സമഗ്രശിക്ഷാ കേരളം

**A** **502**

## മലയാളം

## വാർഷിക മൂല്യനിർണ്ണയം 2023-2024

## കേരള പാഠാവലി

**ക്ലാസ് : 5** **സമയം: 2 മണിക്കൂർ**

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാലെണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 : വായിക്കാം എഴുതാം**

***മഴയെത്തും മുമ്പേ***

മഴക്കാലത്തെക്കുറിച്ചുള്ള എന്റെ ഓർമ്മകളെല്ലാം കുട്ടിക്കാലത്തെ അനുഭവങ്ങളാണ്. അഷ്ടമുടിക്കായലിന്റെ തീരത്താണ് ഞാൻ ജനിച്ചതും വളർന്നതും (സ്നേഹം കൂടുമ്പോൾ ഞങ്ങളതിനെ ഇഷ്ടമുടിക്കായലെന്നും വിളിച്ചിരുന്നു). ആകാശത്തിൽ കാർമേഘം മൂടി നിറയുമ്പോൾ തന്നെ മഴയുടെ വരവുകാണാൻ ഞങ്ങൾ കുട്ടികൾ പ്രതീക്ഷയോടെ കാത്തുനിൽക്കും. ആദ്യം മഴ പെയ്തു തുടങ്ങുന്നത് അക്കരയാണ്. തെങ്ങോലയുടെ പച്ചപ്പുനിറഞ്ഞ അക്കരയിൽ തുടങ്ങുന്ന മഴ പെട്ടെന്ന് കായലിലേക്ക് പടരും. മഴത്തുള്ളി വീണുകൊണ്ടിരിക്കുന്ന കായലും മഴയുടെ മൂടുപടമിട്ട് മങ്ങിയ അക്കരയും ഒരിക്കലും മറക്കാത്ത കാഴ്ചയാണ്. ക്രമേണ മഴ ഇക്കരയിലേയ്ക്ക് പെയ്തുവരും. ദൃശ്യവിസ്മയം തീർക്കുന്ന മഴയ്ക്ക് ഒരു സംഗീതമുണ്ട്. ആരവത്തോടെയാണ് മഴ ഇക്കരയിലേക്കു വരുന്നത്. അപ്പോഴേക്കും 'മഴ വരുന്നേ' എന്ന് ആഹ്ലാദത്തോടെ കൂവി വിളിച്ചുകൊണ്ട് ഞങ്ങൾ വീട്ടിനുള്ളിലേയ്ക്ക് ഓടിക്കയറും. ഞങ്ങളുടെ വിളികേട്ടാണ് അമ്മമാർ മുറ്റത്ത് ഉണങ്ങാനിട്ട തുണി പെറുക്കാനും വിറകെടുക്കാനും പായുന്നത്. മഴയത്തെ കുളി മറക്കാനാവാത്ത മറ്റൊരു അനുഭവമാണ്.

*ഡോ. എം.ആർ. തമ്പാൻ*

1. ലേഖകൻ ജനിച്ചതും വളർന്നതും എവിടെയാണ്?

   (അഷ്ടമുടിക്കായലിന്റെ തീരത്ത്, പുഴവക്കിൽ, പാടത്തിൻകര)

2. കുട്ടികൾ പ്രതീക്ഷയോടെ കാത്തുനിൽക്കുന്നത് എന്തിനായിരുന്നു?

   (കായലുകാണാൻ, മഴയുടെ വരവുകാണാൻ, ആകാശം കാണാൻ)

3. 'മഴവന്നേ'... എന്നു വിളിക്കുമ്പോൾ കുട്ടികളുടെ മനസ്സിൽ എന്തായിരിക്കും.

   (ആഹ്ലാദം, നിരാശ, മയക്കം)

4. മഴയോടൊപ്പം മറക്കാനാവാത്ത മറ്റൊരു അനുഭവം.

   (മഴയത്തെ കുളി, മഴയത്തെ കാറ്റ്, മഴയത്തെ സംഗീതം)

5. എഴുത്തുകാരന് ഏറ്റവും പ്രിയപ്പെട്ടതായി തോന്നിയത്?

   (കുട്ടിക്കാല അനുഭവങ്ങൾ, ഉണങ്ങാനിട്ട തുണിയെടുക്കുന്നത്, വിറകു പെറുക്കുന്നത്)

പ്രവർത്തനം 2

എ) സംഭാഷണം

വീട്ടുമുറ്റത്തെ വെള്ളിലവള്ളിയിലെ മൊട്ടുകൾ അതിരാവിലെ സൂര്യനെ കാത്തിരിക്കുകയാണ്. സൂര്യനെ കാണാത്തതിൽ വള്ളികൾക്കും മൊട്ടുകൾക്കും പരിഭവമുണ്ട്. ഉദിച്ചുവരുന്ന സൂര്യനോട് അവർ നടത്തുന്ന സംഭാഷണം എഴുതുക.

ബി) ഏതു രീതിയിലും കുറ്റമറ്റതായിരുന്നു അവരുടെ വിരൽപ്പാടുകൾ വീണ പുത്തൻപാടം. ആരുടെ വിരൽപ്പാടുകൾ?

(കുട്ടികളുടെ, കർഷകരുടെ, വഴിയാത്രക്കാരുടെ)

പ്രവർത്തനം 3

എ) പഴഞ്ചൊൽ വ്യാഖ്യാനം

“ഭാഷയുടെയും സംസ്കാരത്തിന്റെയും വിവിധ തലങ്ങളെ സ്പർശിക്കുന്നവയാണ് പഴഞ്ചൊല്ലുകൾ”

ഡോ. എം.വി. വിഷ്ണു നമ്പൂതിരി

നിങ്ങൾക്ക് ധാരാളം പഴഞ്ചൊല്ലുകളറിയാം.

നിങ്ങൾക്കിഷ്ടപ്പെട്ട ഒരു പഴഞ്ചൊല്ലെഴുതി വ്യാഖ്യാനിക്കുക.

ബി) “നിലമറിഞ്ഞു വിത്തിടണം” ഏതുമായി ബന്ധപ്പെട്ട പഴഞ്ചൊല്ല്?

(ചതി, കൃഷി, ഉത്സവം)

പ്രവർത്തനം 4

എ) കുറിപ്പ്

അമ്മുവിനെയും മുത്തശ്ശിയെയും ഓർമ്മയില്ലേ. തമ്മിൽ നല്ല ഇഷ്ടമായിരുന്നു രണ്ടാൾക്കും. അമ്മുവിന്റെ മുത്തശ്ശിയെപ്പോലെ പ്രിയപ്പെട്ടവർ നമുക്കുമില്ലേ. നിങ്ങൾക്കു പ്രിയപ്പെട്ട ഒരു സുഹൃത്തിന്റെ സ്വഭാവസവിശേഷതകൾ സൂചിപ്പിച്ചുകൊണ്ട് കുറിപ്പ് തയ്യാറാക്കുക.

ബി) ചിറകുവിടർത്തി ‘റ്റാറ്റ’ കാട്ടി മറഞ്ഞുപോയത് ആരാണ്?

(പൂമ്പാറ്റ, കുരുവി, ദേവത)

## പ്രവർത്തനം 5 - ആസ്വാദനം

വെള്ളിലവള്ളികളുടെ മനോഹാരിത നിങ്ങൾ പഠിച്ചില്ലേ.
ഉണ്ണിക്കുട്ടന്റെ പൂന്തോട്ടം പരിചയപ്പെട്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

*ഉണ്ണിക്കുട്ടന്റെ പൂന്തോട്ടങ്ങൾ*

ഉണ്ണിക്കുട്ടനുമുണ്ടേ വീടിനു
മുന്നിൽ ചെറിയൊരു പൂന്തോട്ടം
നാളുകൾ കൊണ്ടവനിത്തിരി മണ്ണിൽ
നട്ടുവളർത്തിയ പൂന്തോട്ടം!

ഉണ്ണിക്കുട്ടനു പൂന്തോട്ടത്തിൽ
കണ്ണിനു കൗതുകമേകാനായ്,
ചന്തം ചേർന്നു തഴയ്ക്കും പൂച്ചെടി-
യെന്തെല്ലാം തരമുണ്ടെന്നോ?

കുലകുലയായിപ്പൂത്തു കിടക്കും
കുടമുല്ലച്ചെടി മൂന്നെണ്ണം!
പനിനീർപ്പൂച്ചെടി, നന്ത്യാർവട്ടം,
മഞ്ഞച്ചെത്തികൾ, മന്ദാരം!
മണ്ണിൽ വിതറിയ പൊട്ടുകൾ മാതിരി
പത്തു മണിപ്പൂവുണ്ടല്ലോ.
പൂക്കളെയങ്ങനെ നോക്കിനടക്കാ-
നുണ്ണിക്കുട്ടനു സന്തോഷം!

*പി. മധുസൂദനൻ*

## പ്രവർത്തനം 6 - താരതമ്യക്കുറിപ്പ്

ജീവിതത്തിൽ നർമ്മമുള്ള ആളാണ് മുല്ല.
തന്റെ പ്രവൃത്തികൊണ്ട് ആളുകളെ ചിന്തിപ്പിച്ചവനാണ് മുട്ടസ്സുനമ്പൂതിരി.

ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന ഇവരെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.



Adnan